# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2990** **20.03.2015 – ൽ മറുപടിക്ക്**

## പാപ്പിനിശ്ശേരി – പിലാത്തറ കെ. എസ്. ടി. പി. റോഡ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ടി. വി. രാജേഷ് :** | | **ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതു മരാമത്ത് വകുപ്പ് മന്ത്രി)** | |
| (എ) | കെ. എസ്. ടി. പി. പദ്ധതിയിലുൾപ്പെടുത്തി പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന പാപ്പിനിശ്ശേരി - പിലാത്തറ റോഡിന്റെ നിർമ്മാണ പുരോഗതി അറിയിക്കുമോ ; | (എ) | 28.02.2015 - വരെ പിലാത്തറ പാപ്പിനിശ്ശേരി റോഡിന്റെ 17.91% നിർമ്മാണ പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത റോഡിന്റെ പ്രവൃത്തി എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്നു വ്യക്തമാക്കാമോ; | (ബി) | 14.03.2016 - ൽ ഈ റോഡു നിർമ്മാണ പ്രവൃത്തി പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (സി) | പാപ്പിനിശ്ശേരി, താവം റെയിൽവെ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ ; | (സി) | താവം റെയിൽവേ മേൽപ്പാലത്തിന്റെ പൈലിംഗ് ജോലികൾ, പാപ്പിനിശ്ശേരി മേൽപ്പാലത്തിന്റെ പൈലിംഗ് ജോലികളും പൈൽ ക്യാപ്പിന്റെ ജോലികളും നടന്നുവരികയാണ് |
| (ഡി) | നിർമ്മാണത്തിന്റെ ഭാഗമായി പഴയങ്ങായി പാലം ബലപ്പെടുത്തുന്നതിനും രാമപുരത്ത് പുതിയൊരു പാലം നിർമ്മിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കാമോ ? | (ഡി) | റോഡ് നവീകരണത്തിന്റെ ഭാഗമായി പഴയങ്ങായി പാലത്തിന്റെ അറ്റകുറ്റപ്പണികളും, രാമപുരത്ത് പുതിയ പാലം നിർമ്മാണവും ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ